Musiris Musings

THE MAGIC OF ROTARY

Club No. :15856 WEEKLY NEWS BULLETIN OF ROTARY CLUB OF KODUNGALLUR RI District : 3201

# കൊടുങ്ങല്ലൂർ റോട്ടറി ക്ലബ്ബിന്റെ പുതിയ പ്രസിഡന്റും മറ്റു ഭാരവാഹികളും സ്ഥാനമേറ്റു.



പ്രിയ റോട്ടറി സുഹൃത്തെ,

2024- 25 വർഷത്തെ പ്രസിഡന്റായി റൊ. ടി.എൽ. സത്യനും, സെക്രട്ടറിയായി റൊ. എം.എ. ജോഷിയും മറ്റു ഡയറക്ടർ ബോർഡ് മെമ്പർമാരും ജൂൺ 21 വെള്ളിയാഴ്ച ക്ലബ്ബ് ഹാളിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ വെച്ച് സ്ഥാനമേൽക്കുകയുണ്ടായി.

പ്രസിഡന്റ് റൊ. ടി. രാജന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച സ്ഥാനാരോഹണ ചടങ്ങുകളിൽ ഗവർണ്ണർ ഇലക്ട് റൊ. ഡോ. ജി.എൻ. രമേഷ് മുഖ്യാതിഥിയായി പങ്കെടുത്തു.

പ്രസ്തുത ചടങ്ങിൽ വെച്ച് അംഗങ്ങളുടെ മക്കളിൽ വിദ്യാഭ്യാസത്തിൽ ഉന്നതവിജയം കൈവരിച്ച കുട്ടികളെ മൊമെന്റോ നൽകി ആദരിക്കുകയും, ക്ലബ്ബ് പുറത്തിറക്കിയ ബുള്ളറ്റിൻ, സപ്ലിമെന്റ് എന്നിവ റൊ. കെ.പി. സോംകുമാർ, റൊ. എൻ.ആർ. രാജീവ്കുമാർ, ജി.ജി.ആർ. ടി.സി. ബോസ് എന്നിവർ ചേർന്ന് ചീഫ് ഗസ്റ്റിന് നൽകി പ്രകാശനം ചെയ്തു.

ക്ലബ്ബിലേക്ക് പുതുതായി ചേർന്ന ശ്രീ. ഹരികൃഷ്ണൻ, ശ്രീ. സാബിഷ്, ശ്രീ. സുകേഷ് എന്നിവരെ അസിസ്റ്റന്റ് ഗവർണ്ണർ റൊ. മോഹൻകുമാർ സത്യപ്രതിജ്ഞ ചെയ്യിച്ച് ക്ലബ്ബിലെ അംഗങ്ങളാക്കുകയുണ്ടായി.

ബുള്ളറ്റിൻ, സപ്ലിമെന്റ് എന്നിവ യഥാസമയം പുറത്തിറക്കാൻ വിശ്രമമില്ലാതെ പ്രവർത്തിച്ച റൊ. കെ.പി. സോംകുമാറിന് നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം അടക്കും ചിട്ടയോടുംകൂടി ഉന്നത നിലവാരത്തിലേക്ക് സ്ഥാനാരോഹണ ചടങ്ങുകൾ എത്തിക്കാൻ ആത്മാർത്ഥതയോടെ പ്രവർത്തിച്ച റൊട്ടേറിയൻസ് കെ.എസ്. പ്രവീൺലാൽ, ടി.പി. ഷാനവാസ്, കെ.പി. സോംകുമാർ, മേജർ ജനറൽ പി.വിവേകാനന്ദൻ, സത്യകുമാർ മേനോൻ, ടി. രാജൻ, ഡോ. മഹേഷ് നാരായണൻ, കെ.പി. പ്രേംനാഥ്, രാജൻ മോനോൻ, ഡോ. കെ.പി. രഘുനാഥ്, ടി.സി. ചന്ദ്രബോസ് എന്നിവർക്കും നന്ദി അറിയിക്കുന്നു.

വെൽക്കം ഡാൻസ് അവതരിപ്പിച്ച കുമാരി അങ്കിത പ്രശാന്തിനും പരിപാടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എം.സി.യായി പ്രവർത്തിച്ച റൊ. ഡോ. മാർട്ടിൻ പി. ജോസഫിനും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

ഫണ്ട് ശേഖരണവുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ സപ്ലിമെന്റിൽ പരസ്യങ്ങൾ നൽകി സഹായിച്ച മെമ്പർമാർക്കും മറ്റ് സ്ഥാപനങ്ങൾക്കും നന്ദി അറിയിക്കുന്നു.

മുഖ്യാതിഥിയുടെ പത്നി ശ്രീമതി ജയശ്രീ ,മുൻ റോട്ടറി ഫൗണ്ടേഷൻ ചെയർമാൻ റൊ. ജയശങ്കർ, മുൻ ഡിസ്ട്രിക്ട് ഡയറക്ടർ റൊ. ടി.പി. സെബാസ്റ്റ്യൻ, മുൻ അസിസ്റ്റന്റ് ഗവർണർ റൊ. ഡോ. ഷാജി വർഗ്ഗീസ് എന്നിവരുടെ സാന്നിദ്ധ്യം കൊണ്ടും മറ്റു ക്ലബ്ബുകളിലെ ഭാരവാഹികളും, ലയൺസ് ക്ലബ്ബ് ഭാരവാഹികളും റോട്ടറി മെമ്പർമാരുടെ കുടുംബസമേതമുള്ള പങ്കാളിത്തവുംകൊണ്ട് സ്ഥാനാരോഹണ ചടങ്ങുകൾ ധന്യമായി തീരുകയുണ്ടായി.

സ്ഥാനാരോഹണ ചടങ്ങുകൾ 7.30ന് ആരംഭിച്ച് 9.30ന് സമാപിച്ചു.

റൊ. ടി.എൽ. സത്യൻ
പ്രസിഡന്റ്

റൊ. എം.എ. ജോഷി
സെക്രട്ടറി